No. of Printed Pages : **6**

# 1303 (NP)

*Register Number* | | | | | | | |

# Language — Part I — MALAYALAM — Paper I

Time : 2.30 Hours ] [ Maximum Marks : 90

**കുറിപ്പ് :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനുവേണ്ടി ചോദ്യ പേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പമുണ്ടെങ്കിൽ ഉടൻതന്നെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുവാനും അടിവരയിടുവാനും കറുപ്പോ നീലയോ നിറത്തിലുള്ള മഷിമാത്രം ഉപയോഗിക്കുക. ചിത്രങ്ങൾ വരയ്ക്കുവാൻ പെൻസിൽ ഉപയോഗിക്കാം.

**I.** **എല്ലാ ചോദ്യങ്ങൾക്കും** ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. **6x1=6**

Choose the correct answer :

**1.** യോജിച്ചവ ചേർത്തെഴുതുക.

1. ഉണ്ണായി വാരിയർ - 1 ആന
2. കടമ്മനിട്ട രാമകൃഷ്ണൻ - 2 ഓണപ്പാട്ടുകാർ
3. സുഗതകുമാരി - 3 നളചരിതം
4. വൈലോപ്പിള്ളി - 4 നദിയൊഴുകുന്നു

(a) 4 3 2 1 (b) 1 3 2 4 (c) 1 2 3 4 (d) 3 4 1 2

**2.** ആതിര വരുന്നത് ഏത് മാസത്തിലാണ് ?

(a) ധനുമാസം (b) കന്നിമാസം
(c) ചിങ്ങമാസം (d) മേടമാസം

**3.** നിത്യമനോഹരയവനദ്വീപ് എവിടെയാണ് ?

(a) ചൈന (b) റഷ്യ (c) ഗ്രീസ് (d) ഈജിപ്ത്

**4.** കാളിദാസൻ രാജകവിയായിരുന്നത് എവിടെയാണ്?

(a) മാളവം (b) കാശി (c) മഗധ (d) ഉജ്ജയിനി

**5.** പെരിയ കോവിലിന്റെ നടയിൽ നമ്മെ ആകർഷിക്കുന്നതെന്ത്?

(a) വിഗ്രഹം (b) സംഗീതമഹാൾ (c) നന്ദി (d) ഗോപുരം

**6.** തരംഗദൈർഘ്യം ഏറ്റവും കൂടുതലുള്ള നിറമേത് ?

(a) നീല (b) വയലറ്റ് (c) പച്ച (d) ചുവപ്പ്

[ Turn over

**II.** എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. **8x1=8**

Choose the correct answer :

**7.** വർണ്യത്തിൽ ആശങ്ക ജനിക്കുന്ന അലങ്കാരമാണ്.

(a) രൂപകം (b) ദീപകം (c) ഉപമ (d) ഉൽപ്രേക്ഷ

**8.** ഒരു കുറവന്റെയും കുരങ്ങന്റെയും പരസ്പരബന്ധം രേഖപ്പെടുത്തുന്ന കഥയാണ്.

(a) മൃതിതാളം (b) റ

(c) അദ്വൈതഭാരം (d) ആദിശേഷൻ

**9.** ഒന്നിനെ പലതായിനിനയ്ക്കുന്ന അലങ്കാരമേതാണ് ?

(a) ഉല്ലേഖം (b) ഉൽപ്രേക്ഷ (c) ഉപമ (d) ഉദാത്തം

**10.** അറ്റുപോകാത്ത ഒരു കണ്ണി എന്ന കഥയിലെ കഥാപാത്രമാണ്.

(a) അലാവുദ്ദീൻ (b) ബാജി

(c) അമ്മുക്കുട്ടി (d) സൗദാമിനിടീച്ചർ

**11.** കോവിലൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന കഥാകൃത്ത് ?

(a) ബഷീർ (b) ടി. പത്മനാഭൻ

(c) തകഴി (d) വി.വി. അയ്യപ്പൻ

**12.** പതിന്നാലിന്നാറുഗണം വരുന്ന വൃത്തമേത് ?

(a) മഞ്ജരി (b) കളകാഞ്ചി (c) കാകളി (d) കേക

**13.** തരിശുനിലം ആരുടെ കഥയാണ് ?

(a) എം.ടി. (b) തകഴി

(c) മാധവിക്കുട്ടി (d) സുഗതകുമാരി

**14.** ചേർച്ചയില്ലാത്ത രണ്ടിനെ ചേർത്തു ചൊല്ലുന്ന അലങ്കാരമേത് ?

(a) ഉല്ലേഖം (b) യമകം (c) ദീപകം (d) വിഷമം

III. (a) **ഏതെങ്കിലും മൂന്ന്** ചോദ്യത്തിന് ഉത്തരമെഴുതുക. 3x2=6

Answer **any three** questions.

**15.** എഴുത്തച്ഛനെ പരിചയപ്പെടുത്തുക.

**16.** ബാലാമണിയമ്മയെക്കുറിച്ചെഴുതുക.

**17.** വിഷവാതമൂതാത്ത വിഷവാണികേൾക്കാത്ത
വിഷനീർ കുടിക്കാത്ത നാടെവിടെ മക്കളേ ?

(a) ഏത് കവിതയിലെ വരികളാണിത് ?

(b) ഇതെഴുതിയ കവി ആരാണ് ?

**18.** ചത്തൊരാമരം മൂകം മൊഴിവൂ, ''കുഞ്ഞേ, നീയും
ചത്തിരുന്നെങ്കിൽ; കാണാൻ വയ്യേനിൻ മഹാദുഃഖം!''

(a) ഏത് കവിതയിലെ വരികളാണിത്?

(b) ഇതെഴുതിയ കവി ആരാണ്?

(b) **ഏതെങ്കിലും രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. 2x2=4

Answer **any two** questions.

**19.** തഞ്ചാവൂരിലെ കരിങ്കൽ ലൈബ്രറിയുടെ പ്രത്യേകതകൾ എന്തെല്ലാം ?

**20.** ആകാശത്തിന് പൊതുവെ നീലനിറവും രാവിലെയും വൈകുന്നേരവും ചുവപ്പുനിറവും ഉണ്ടാകുന്നതെങ്ങനെയാണ് ?

**21.** പുസ്തക വായനയെ സോക്രട്ടീസ് കളിയാക്കിയതിന്റെ പൊരുളെന്ത് ?

IV. **ഏതെങ്കിലും ഏഴു** ചോദ്യത്തിന് ഉത്തരമെഴുതുക. 7x2=14

Answer **any seven** questions.

**22.** വാക്യത്തിൽ പ്രയോഗിക്കുക.

(a) കാത്തിരിക്കുക (b) എത്തിച്ചേരുക

**23.** താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പദങ്ങൾ എടുത്തെഴുതുക.

(a) ചെലവ്, ചിലവ് (b) വിത്യാസം, വ്യത്യാസം

24. മലയാളത്തിലെ രണ്ട് പഴഞ്ചൊല്ലുകൾ എഴുതുക.

25. പിരിച്ചെഴുതുക.
(a) കൈയക്ഷരം (b) കണ്ണീർ

26. ഒറ്റപ്പദമാക്കുക
(a) പരമമായ ആനന്ദം (b) പിതാവിനോട് സ്നേഹം

27. എൻ.വി. കൃഷ്ണവാരിയരുടെ രണ്ട് കവിതകളുടെ പേരെഴുതുക.

28. വാക്യദോഷം പരിഹരിക്കുക
(a) അവൻ തോറ്റതിനു കാരണം പഠിക്കാതിരുന്നതുകൊണ്ടാണ്.
(b) അവർ പരസ്പരം അന്യോന്യം നോക്കി.

29. മലയാളത്തിലെ രണ്ട് കടംകഥകൾ ഉത്തരസഹിതം എഴുതുക.

30. എഴുതി, കണ്ടു - ഇവയുടെ ഭാവികാല രൂപമെഴുതുക.

V. (a) **ഏതെങ്കിലും രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. **2x4=8**
Answer **any two** questions.

31. കവിയുടെ ഒന്നാമത്തെ വീടിന്റെ സവിശേഷതകളെന്തെല്ലാം ?

32. കാട്ടാളന് വിരക്തി തോന്നാനുണ്ടായ സാഹചര്യമെന്തായിരുന്നു ?

33. ഓണത്തിന്റെ ചരിതം പാടിക്കേട്ടത് എവിടെയെല്ലാമാണ് ?

(b) **ഏതെങ്കിലും രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. **2x4=8**
Answer **any two** questions.

34. ഗാന്ധിജിയുടെ ഉപ്പുസത്യാഗ്രഹവും അതിന് കേരളം വഹിച്ച പങ്കും വ്യക്തമാക്കുക.

35. ഈ വിളക്കിരിക്കട്ടെ ചേട്ടന്റെ കൈയിൽ, വഴിയിൽ ഇത് വെളിച്ചം തരും - സന്ദർഭവും ആശയവും വ്യക്തമാക്കുക.

36. നമ്പൂതിരിപരിഷ്കരണ പ്രസ്ഥാനം സാഹിത്യത്തിനു നൽകിയ സംഭാവന എന്ത് ?

**VI.** **ഏതെങ്കിലും മൂന്ന്** ചോദ്യത്തിന് ഉത്തരമെഴുതുക. **3x4=12**

Answer **any three** questions.

**37.** ധീരതയ്ക്കുള്ള അവാർഡ് നേടിയ സുഹൃത്തിനെ അനുമോദിച്ചുകൊണ്ട് കത്തെഴുതുക.

**38.** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

കേദാർനാഥിൽനിന്ന് മൂന്ന് അരുവികൾ ഉത്ഭവിക്കുന്നു. നാലാമതൊന്ന് കേദാർകൊടുമുടിക്ക് എതിർവശത്തുള്ളൊരു പർവ്വതത്തിൽ നിന്നാണ് ഒഴുകിയെത്തുന്നത്. ഈ ജലപാതങ്ങളെല്ലാം സംഗമിച്ച് മന്ദാകിനിയായി മാറുന്നു. ചുറ്റുപാടും വ്യാപിച്ചുകിടക്കുന്ന പർവ്വതസാനുക്കളിൽ നിന്നും താഴോട്ടൊഴുകുന്ന വെള്ളച്ചാട്ടങ്ങൾ മന്ദാകിനിയെ പരിപോഷിപ്പിക്കുന്നു. ഈ വിശുദ്ധതീരത്ത് പുരാതന കാലത്ത് ഹിമം പൊതിഞ്ഞ നിരവധി പർവ്വതങ്ങളുണ്ടായിരുന്നുവെന്നും കാലം ചെന്നപ്പോൾ, ആ ഹിമാനികളെല്ലാം അപ്രത്യക്ഷമായിയെന്നുമാണ് ശാസ്ത്രീയനിഗമനം.

1. കേദാർനാഥിൽ നിന്ന് എത്ര അരുവികൾ ഉത്ഭവിക്കുന്നു ?
2. നാലാമത്തെ നദി ഒഴുകിയെത്തുന്നത് എവിടെ നിന്നാണ് ?
3. മന്ദാകിനിയെ പരിപോഷിപ്പിക്കുന്നത് എന്താണ് ?
4. മന്ദാകിനീ തീരത്തെക്കുറിച്ചുള്ള ശാസ്ത്രീയനിഗമനം എന്താണ് ?

**39.** നിങ്ങളെ ഏറെ വിഷമിപ്പിച്ചതോ സന്തോഷിപ്പിച്ചതോ ആയ ഒരു അനുഭവത്തെക്കുറിച്ച് കുറിപ്പെഴുതുക.

**40.** അസാധ്യമായി ഒന്നുമില്ല

വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും - ഇവയിലൊരു പഴഞ്ചൊല്ലിന്റെ ആശയം വിശദീകരിക്കുക.

**VII.** (a) **ഏതെങ്കിലും രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക. **2x6=12**

Answer **any two** questions :

**41.** ബാല്യം, യൗവനം, വാർധക്യം എന്നീ അവസ്ഥകളിലെ ഗൃഹസങ്കൽപങ്ങൾ, 'എന്റെ മൂന്നു വീടുകൾ' എന്ന കവിതയിൽ അവതരിപ്പിക്കുന്നതെങ്ങനെ ?

**അല്ലെങ്കിൽ**

നളനും ദമയന്തിയും തമ്മിലുണ്ടായ സംഭാഷണം ചുരുക്കിയെഴുതുക.

**42.** പുസ്തകത്തെക്കുറിച്ച് മഹാൻമാർ പറഞ്ഞ വചനങ്ങൾ ഉദ്ധരിക്കുക.

**അല്ലെങ്കിൽ**

ഇടത്തരക്കാരുടെയും സമ്പന്നരുടെയും ശാപമായിത്തീർന്നിരിക്കയാണ് കെട്ടിട പ്രതാപം കാണിക്കൽ - ലേഖകൻ ഇങ്ങനെ പറയാൻ കാരണമെന്ത് ?

(b) താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗങ്ങളിലൊന്ന് പൂരിപ്പിക്കുക. **1x6=6**

Quote from memory.

**43.** (a) എങ്കിൽ നീ . . . . . . . . നിങ്ങൾ വാങ്ങീടുമോ ?

(b) എൻമടിത്തട്ടി . . . . . . . . രെന്റെ മക്കൾ.

**VIII.** രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **1x6=6**

**44.** അദ്വൈതഭാരം എന്ന കഥയ്ക്ക് ആസ്വാദനമെഴുതുക.

**അല്ലെങ്കിൽ**

'റ' എന്ന കഥയിലെ പ്രമേയം സംഗ്രഹിക്കുക.

**- o O o -**